14 (1605) ഭരണപരിഷ്കാര സമിതിയുടെ റിപ്പോർട്ട്

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സെക്രട്ടേറിയറ്റിൽ ഓഫീസ് സമയത്ത് ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾത്തന്നെ ഇതിനാവശ്യമായ നിയമങ്ങൾ ഉള്ളപ്പോൾ പ്രത്യേകമായി പഞ്ചിംഗ് ഏർപ്പെടുത്തുവാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സെക്രട്ടേറിയറ്റിൽ ഓഫീസ് സമയത്ത് ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൃത്യ സമയത്ത് ഓഫീസിൽ ഹാജരാകാത്തവരും അനുവാദമില്ലാതെ സമയത്തിനു മുമ്പ് ഓഫീസ് വിടുന്നവരുമായ ജീവനക്കാർക്കെതിരെ മേലുദ്യോഗസ്ഥർ ശിക്ഷണ നടപടി സ്വീകരിക്കണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും അതുവഴി പൊതുജനങ്ങൾക്ക് കാര്യക്ഷമതയോടുകൂടിയ സേവനം ഉറപ്പുവരുത്തുന്നതിനും വേണ്ടി ഭരണയന്ത്രം സജ്ജമാക്കുന്നതിന്റെ ഭാഗമായാണ് ഭരണപരിഷ്കാര സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചിംഗ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

15 (1606) മനുഷ്യാവകാശ കമ്മിഷൻ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മിഷന് സർക്കാർ എന്തൊക്കെ സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്.

(ബി) മനുഷ്യാവകാശ കമ്മിഷന് ജില്ലാതല ശാഖകൾ നിലവിലുണ്ടോ;

(സി) മനുഷ്യാവകാശ കമ്മിഷന് ജില്ലാതലശാഖകൾ ഉണ്ടായിരിക്കണമെന്നും ആയതിനു സർക്കാർ നടപടി എടുക്കണമെന്നും സുപ്രീംകോടതി വിധിയുണ്ടോ;

(ഡി) താലൂക്ക് ജില്ലാതല മനുഷ്യാവകാശകമ്മിഷന്റെ ശാഖകൾ തുടങ്ങുവാൻ പദ്ധതിയുണ്ടോ;

(ഇ) മനുഷ്യവകാശ കമ്മിഷനിൽ നിലവിൽ എത്ര തസ്തികകളുണ്ട്, അവ ഏതൊക്കെയാണ്; അവയ്ക്ക് ഉണ്ടായിരിക്കേണ്ട യോഗ്യത എന്തൊക്കെയാണ്?

ഉത്തരം

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ രൂപീകരിച്ചപ്പോൾ തന്നെ കമ്മിഷന് ആവശ്യമായ സൗകര്യങ്ങൾ നൽകുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. കമ്മിഷന്റെ സെക്രട്ടറി, ചീഫ് ഇൻവെസ്റ്റിഗേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസർ രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, മറ്റ് ഓഫീസ് ജീവനക്കാർ തുടങ്ങിയ തസ്തികകളിലെല്ലാംതന്നെ നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ കമ്മിഷൻ ചെയർപേഴ്സന്റെയും 2 മെമ്പർമാരുടെയും പേഴ്സണൽ സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്. കമ്മിഷന് ആവശ്യമായ ഓഫീസ് സൗകര്യം, ഫർണിച്ചർ, ടെലഫോണുകൾ മുതലായവ അനുവദിച്ചിട്ടുണ്ട്. കമ്മീഷൻ ആവശ്യത്തിലേക്കായി 6 വാഹനങ്ങൾ വാങ്ങുവാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. 1999 -2000 സാമ്പത്തികവർഷത്തിൽ 120 ലക്ഷം രൂപാ സംസ്ഥാന മനുഷ്യവകാശ കമ്മിഷന്റെ ചിലവുകൾക്കായി ഗ്രാന്റായി വകയിരുത്തിയിട്ടുണ്ട്. ഇതിനോടകം 65 ലക്ഷം രൂപ കമ്മിഷന്റെ ചിലവുകൾക്കായി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി)&(സി) സംസ്ഥാന മനുഷ്യവകാശ കമ്മിഷന് ജില്ലാതല ശാഖകളില്ല. ജില്ലാതല ശാഖകൾ രൂപീകരിക്കാൻ നടപടിയെടുക്കണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടുമില്ല.

(ഡി) പദ്ധതിയില്ല

(ഇ) സംസ്ഥാന മനുഷ്യാവകാശ കമ്മിഷനിൽ നിലവിലുള്ള തസ്തികകൾ, അവയ്ക്കുള്ള യോഗ്യത എന്നിവ താഴെ പറയും പ്രകാരമാണ്.

തസ്തിക	എണ്ണം	യോഗ്യത
1. സെക്രട്ടറി	1	സംസ്ഥാനഗവൺമെന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത പദവിയുള്ള ഉദ്യോഗസ്ഥൻ
2. ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ	1	ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള പോലീസ് ഓഫീസർ
3. രജിസ്ട്രാർ	1	സംസ്ഥാന നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം
4. ഫിനാൻസ് ഓഫീസർ	1	സംസ്ഥാന ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം.
5. സെക്ഷൻ ഓഫീസർ	2	സംസ്ഥാന നിയമവകുപ്പിലെ സെക്ഷൻ ആഫിസർമാരിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം.
6. കോർട്ട് ഓഫീസർ	1	സംസ്ഥാന നീതിന്യായ വകുപ്പിലെ കോർട്ട് ഓഫീസർമാരിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം
7. അസിസ്റ്റന്റ് ഗ്രേഡ് 1	6	സംസ്ഥാന നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റുമാരിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ സമാന തസ്തികളിൽ നീതിന്യായ

LIBRARY ARCHIVES Kerala Legislative Assembly

		വകുപ്പിലെയോ മറ്റു സംസ്ഥാന സർക്കാർ വകുപ്പുകളിലേയോ ജീവനക്കാരിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം
8. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II	2.	നിയമവകുപ്പിൽനിന്നോ ഇതര വകുപ്പുകളിൽ നിന്നോ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം.
9. ടൈപ്പിസ്റ്റ് ഗ്രേഡ് II	2.	നിയമവകുപ്പിലെയോ ഇതര വകുപ്പുകളിലേയോ ടൈപ്പിസ്റ്റുമാരിൽനിന്നും ഡെപ്യൂട്ടേഷൻ വഴി നിയമനം
10. ഡ്രൈവർ	2	നിയമവകുപ്പിലെയോ ഇതര വകുപ്പുകളിലെയോ ഡ്രൈവർമാരിൽ നിന്നും ഡെപ്യൂട്ടേഷൻവഴി നിയമനം
11. ശിപായിമാർ	5	നിയമവകുപ്പിലെയോ ഇതര വകുപ്പുകളിലെയോ ശിപായിമാരിൽ നിന്നും ഡെപ്യൂട്ടേഷൻവഴി നിയമനം
12. പാർട്ട് ടൈം സ്വീപ്പർ	1	കേരളാ പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസസ് റൂൾസ് അനുസരിച്ച് നിയമനം

മേൽപ്പറഞ്ഞ തസ്തികകൾക്ക് പുറമേ കമ്മിഷൻ ചെയർപേഴ്സന്റെ പേഴ്സണൽ സ്റ്റാഫിലേയ്ക്ക് ഒരു പ്രൈവറ്റ് സെക്രട്ടറി, ഒരു പേഴ്സണൽ അസിസ്റ്റന്റ്, രണ്ടു ശിപായിമാർ, ഒരു ഡ്രൈവർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളും രണ്ടു മെമ്പർമാരുടെ പേഴ്സണൽ സ്റ്റാഫിലേയ്ക്കായി രണ്ടു പേഴ്സണൽ അസിസ്റ്റന്റ്, നാല് ശിപായിമാർ, രണ്ടു ഡ്രൈവർമാർ, രണ്ടു പാർട്ട് ടൈം സ്വീപ്പർമാർ എന്നീ തസ്തികകളും കോ-ടെർമിനസ് വ്യവസ്ഥയിൽ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

16 (1607) മനുഷ്യാവകാശ കമ്മിഷൻ അന്വേഷിച്ച കേസ്സുകൾ

ശ്രീ. പി.ജെ. ഫ്രാൻസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മനുഷ്യാവകാശ കമ്മിഷൻ ഇതുവരെ എത്ര കേസ്സുകളെപ്പറ്റി അന്വേഷിച്ചിട്ടുണ്ട്;

(ബി) ഇവ ഏതെല്ലാമെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ മുൻപാകെ 12.12.1999 വരെയുള്ള കാലയളവിൽ 1366 പരാതികൾ രജിസ്റ്റർ ചെയ്തിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly